LIBRARY ARCHIVES Kerala Legislative Assembly

പരാതികളിന്മേൽ സ്വീകരിച്ച നടപടി

3 (752) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബി3/276/2019/പൊ.മ.വ. ഫയലിൽ ഉദ്യോഗാർത്ഥികളിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് നിയമനം ലഭ്യമാകുന്നതിനുതകുന്ന വിധത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന വിഷയത്തിന്മേൽ ഈ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികളിൽനിന്ന് പരാതികൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ പി.ഡബ്ല്യു.ഡി-ബി3/50/2021-പി.ഡബ്ല്യു.ഡി. ഫയലിൽ 3-5-2021-ന് ഉദ്യോഗാർത്ഥികളുമായി നടത്തിയ ഹിയറിംഗ് യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മിനിട്ട്സ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഹിയറിംഗിനുശേഷം ഈ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ മറ്റ് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബി3/50/2021-പി.ഡബ്ല്യു.ഡി. ഫയലിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

പൊ.മ.വ-ബി3/50/2021-പൊ.മ.വ. ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

ടെണ്ടറില്ലാതെ നിർമ്മാണ ചുമതല

4 (753) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണപ്രവൃത്തികളുടെ നിർമ്മാണചുമതലകൾ ടെണ്ടറില്ലാതെ നൽകിയിട്ടുള്ളത് ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.